"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- ഭൂമിയുടെ തരം മാറ്റൽ അപേക്ഷ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് ജീവനക്കാരെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(ഡി) വകുപ്പ്

സ.ഉ.(സാധാ) നം.775/2022/RD തീയതി,തിരുവനന്തപുരം, 19-02-2022

പരാമർശം:- 1 ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 15/2/2022 ലെ അന്വേഷണ റിപ്പോർട്ട്

<u>ഉത്തരവ്</u>

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ഫോർട്ട് കൊച്ചി ആർ.ഡി.ഓ ഓഫീസിൽ നല്കിയ അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിച്ചില്ല എന്നാരോപിച്ച്കൊണ്ട് മുത്തകുന്നം വില്ലേജിൽ, മാല്യാങ്കര സ്വദേശിയായ ശ്രീ സജീവൻ എന്നയാൾ ആത്മഹത്യ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു അന്വേഷണം നടത്തുന്നതിനായി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ ശ്രീ. ജെറോമിക് ജോർജ്ജ് ഐ.എ.എസ് നെ ചുമതലപ്പെടുത്തുകയും പരാമർശം പ്രകാരം അന്വേഷണ റിപ്പോർട്ട് സർക്കാരിൽലഭ്യമാക്കുകയും ചെയ്തിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ, ശ്രീ.സജീവന്റെ അപേക്ഷ ഫോർട്ട് കൊച്ചി ആർ.ഡി.ഓ ഓഫീസിലെ തപാൽ സെക്ഷനിൽ നിന്നും സ്കാൻ ചെയ്ത സെക്ഷനിലേക്ക നൽകുന്നതിൽ31 ദിവസത്തെ കാലതാമസം ഉണ്ടായെന്നും ആയതിന് ഫോർട്ട് കൊച്ചി ആർ.ഡി.ഓ ഓഫീസിലെ എൽ.ഡി ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീ ഷമീം.ടി.കെ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീമതി.നിഷ.കെ.സി എന്നിവർ ഉത്തരവാദികൾ ആണെന്നും, സ്കാൻ ചെയ്ത രേഖകൾ സെക്ഷൻ ക്ളർക് ശ്രീമതി. ഡെൽമ.സി.ജെ യ്ക്ക് ലഭിച്ചശേഷം നടപടി സ്വീകരിക്കാതെ 78 ദിവസം ഇൻബോക്സിൽ സൂക്ഷിച്ചുവെന്നും തുടർന്ന് 04/10/2021 ൽ Priority category ൽ ഉൾപ്പെടുത്തി ടി തപാൽ നടപടി സ്വീകരിച്ചു വന്നതും കക്ഷിക്ക് നോട്ടീസ്, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്ഷൻ ക്ളർക്കായിരുന്ന ശ്രീ. അഭിലാഷ്.ഒ.ബി, ജൂനിയർ സൂപ്രണ്ടിന് സമർപ്പിച്ചുവെന്നു കാണുന്നെങ്കിലും , ജൂനിയർ സൂപ്രണ്ട് അംഗീകരിച്ചു നൽകിയ അപേക്ഷനുള്ള നോട്ടീസ് , ബന്ധപ്പെട്ട ക്ളർക്കായിരുന്ന ശ്രീ. അഭിലാഷ്.ഒ.ബി, അപേക്ഷകന് അയച്ചുകൊടുത്തതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ലായെന്നും അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. സെക്ഷനിലേക്ക് തുടർനടപടികൾക്കായി സ്കാൻ ചെയ്ത് ലഭിച്ച അപേക്ഷ, ബന്ധപ്പെട്ട ക്ളർക്ക് നടപടി സ്വീകരിക്കാതെ അകാരണമായി കൈവശം വച്ചിരുന്നത് കണ്ടെത്തുകയോ , ആയതിന്മേൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയോ ചെയ്യാതിരുന്ന കെ4 സെക്ഷന്റെ ചുമതല വഹിച്ച ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ ഷനോജ് കുമാർ.സി.ആർ ന്റെ ഭാഗത്തും വീഴ്ച ഉള്ളതായി കാണുന്നു. ടി ഓഫീസിലെ കെ5 സീറ്റിന്റെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ.മുഹമ്മദ് അസ്ലം , ടി സീറ്റിന്റെ ചാർജ്ജ് കൈമാറി നല്കുന്നതിൽ വളരെ അധികം കാലതാമസം വരുത്തിയെന്നും കണ്ടെത്തിയിട്ടുണ്ട്.

സർക്കാർപരാമർശം പ്രകാരം ലഭ്യമായ അന്വേഷണ റിപ്പോർട്ടു വിശദമായി

